**മധുരമായ കുട്ടികളേ– നിങ്ങൾക്ക് ഈ പുരുഷോത്തമ സംഗമയുഗത്തിൽ തന്നെയാണ് ഉത്തമനിലും ഉത്തമപുരുഷനായി മാറേണ്ടത്. എല്ലാവരിലും വെച്ച് ഉത്തമപുരുഷനാണ് ഈ ലക്ഷ്മി–നാരായണൻ.**

**ചോദ്യം:–** നിങ്ങൾ കുട്ടികൾ ബാബയുടെ കൂടെ ഏതൊരു ഗുപ്തമായ കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്?

**ഉത്തരം:–** ആദിസനാതന ദേവിദേവതാധർമ്മത്തിന്റെയും ദൈവീകരാജധാനിയുടെയും സ്ഥാപനയാണ് നിങ്ങൾ ബാബയുടെകൂടെ ഗുപ്തമായ രീതിയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. തോട്ടക്കാരനായ ബാബ വന്ന് മുള്ളുകളാകുന്ന കാടിനെ പുഷ്പങ്ങളുടെ പൂന്തോട്ടമാക്കി മാറ്റുകയാണ് ചെയ്യുന്നത്. സത്യയുഗമാകുന്ന പൂന്തോട്ടത്തിൽ അതീവ ദു:ഖം നൽകുന്ന വസ്തുക്കളൊന്നും ഉണ്ടായിരിക്കുകയില്ല.

**ഗീതം:** അവസാനം ആ ദിനം വന്നെത്തി........

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ഈ ശരീരത്തിലൂടെ തന്നെയല്ലേ മനസ്സിലാക്കിത്തരുന്നത്. ആത്മാവിന് ശരീരമില്ലാതെ ഒരു കാര്യവും ചെയ്യാൻ സാധിക്കുകയില്ല. ആത്മീയ അച്ഛനും ഒരേയൊരു പ്രാവശ്യം ഈ പുരുഷോത്തമ സംഗമയുഗത്തിൽ ഒരു ശരീരം എടുക്കേണ്ടതായി വരുന്നു. ഇത് സംഗമയുഗമാണ് ഇതിനെ പുരുഷോത്തമയുഗമെന്നും പറയും. എന്തുകൊണ്ടെന്നാൽ ഈ സംഗമയുഗത്തിനുശേഷം പിന്നീട് വരുന്നത് സത്യയുഗമാണ്. ഈ സത്യയുഗത്തെയും പുരുഷോത്തമയുഗമെന്നു പറയും. ബാബ വന്ന് സ്ഥാപിക്കുന്നതും പുരുഷോത്തമയുഗത്തെയാണ്. സംഗമയുഗത്തിലേക്ക് വരുന്നതുകൊണ്ട് ഇതിനേയും പുരുഷോത്തമയുഗം എന്നു പറയുന്നു. ഇവിടെയാണ് കുട്ടികളെ പുരുഷോത്തമന്മാരാക്കി മാറ്റുന്നുത്. പിന്നീട് നിങ്ങൾ പുതിയ ലോകത്തിൽ പുരുഷോത്തമരായിരിക്കും. പുരുഷോത്തമൻ എന്നാൽ ഉത്തമനിലും ഉത്തമപുരുഷൻ. രാധയും കൃഷ്ണനും അഥവാ ലക്ഷ്മിയും നാരായണനുമാണ് പുരഷോത്തമർ. ഈ ജ്ഞാനം നിങ്ങൾക്കുണ്ട്. ഇവർ സ്വർഗ്ഗത്തിന്റെ അധികാരികളാണെന്ന് മറ്റു ധർമ്മത്തിലുള്ളവരും അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് ഭാരതത്തിന് വളരെയധികം മഹിമയുള്ളത്. എന്നാൽ ഭാരതവാസികൾ സ്വയം ഇതൊന്നും അറിയുന്നില്ല. ഇന്നയാൾ സ്വർഗ്ഗവാസി ആയി എന്ന് പറയും, എന്നാൽ സ്വർഗ്ഗം എന്താണെന്ന് ഇവർ അറിയുന്നില്ല. അവർ സ്വർഗ്ഗത്തിലേക്ക് പോയി എന്നതും ഇത്രയും കാലം നരകത്തിലായിരുന്നു എന്നതും അവർ തന്നെ സ്ഥിരീകരിക്കുകയാണ്. ബാബയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നത് പുതിയ ലോകത്തെയാണ് സ്വർഗ്ഗമെന്ന് പറയുന്നത്. സ്വർഗ്ഗവും നരകവും രണ്ടും രണ്ടാണ്. മനുഷ്യർ സ്വർഗ്ഗത്തിന് ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെന്ന് കാണിച്ചിട്ടുണ്ട്. നിങ്ങൾ കുട്ടികൾക്കറിയാം ഇന്നലെ സ്വർഗ്ഗമായിരുന്നു അപ്പോൾ ഇവരുടെ രാജധാനി ഉണ്ടായിരുന്നു, ഇപ്പോൾ വീണ്ടും ബാബയിൽ നിന്ന് സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്.

ബാബ പറയുകയാണ് മധുരമായ ഓമന സന്താനങ്ങളേ, നിങ്ങൾ ആത്മാക്കൾ പതീതമായതുകൊണ്ടാണ് നരകത്തിൽ വസിക്കുന്നത്. ഇനിയും കലിയുഗത്തിന് നാല്പതിനായിരം വർഷങ്ങളുണ്ടെന്ന് പറയാറുണ്ട്. അതിനാൽ എല്ലാവരെയും കലിയുഗവാസികളെന്നല്ലേ പറയുക. ഇത് പഴയ ലോകമല്ലേ. പാവം മനുഷ്യർ ഘോരമായ അന്ധകാരത്തിലാണ്. അവസാനം എല്ലാം അഗ്നിക്കിരയാകുമ്പോൾ സർവ്വതും നശിക്കുന്നു. നിങ്ങൾ നമ്പർവെസ് പുരുഷാർത്ഥമനുസരിച്ച് പ്രീതബുദ്ധിയുള്ളവരാണ്. എത്രത്തോളം പ്രീതബുദ്ധിയുള്ളവരായി മാറുന്നുവോ അതനുസരിച്ച് ഉയർന്ന പദവിയും പ്രാപ്തമാകും. അതിരാവിലെ എഴുന്നേറ്റ് ബാബയെ സ്നേഹത്തോടെ ഓർമ്മിക്കണം. സ്നേഹത്തിന്റെ കണ്ണുനീരും വരണം എന്തുകൊണ്ടെന്നാൽ വളരെക്കാലത്തിനു ശേഷമാണ് ബാബ വന്ന് കാണുന്നത്. ബാബാ അങ്ങ് വന്ന് ഞങ്ങളെ ദു:ഖത്തിൽ നിന്നും മോചിപ്പിക്കുന്നു ഞങ്ങൾ വിഷയസാഗരത്തിൽ മുങ്ങിത്താണ് എത്ര ദുഖികളായിരുന്നു. ഇപ്പോൾ ഇത് ഭയാനകമായ നരകമാണ്. ഇപ്പോൾ നിങ്ങൾക്ക് ബാബ മുഴുവൻ ചക്രത്തിന്റെയും രഹസ്യം മനസ്സിലാക്കിത്തന്നു. മൂലവതനം എന്താണെന്നും മനസ്സിലാക്കിത്തന്നു. മുമ്പ് നിങ്ങൾക്കും അറിയുമായിരുന്നില്ല, ഈ ലോകം തന്നെയാണ് മുൾക്കാട്. സ്വർഗ്ഗത്തെയാണ് അല്ലാഹുവിന്റെ പൂന്തോട്ടം എന്നു പറയുന്നത്, പൂക്കളുടെ തോട്ടം. ബാബയെ തോട്ടക്കാരൻ എന്നും പറയാറുണ്ടല്ലോ നിങ്ങളെ പൂവിൽ നിന്നും മുള്ളാക്കിയതാരാണ്? രാവണൻ. നിങ്ങൾ കുട്ടികൾക്കറിയാം ഭാരതം പൂക്കളുടെ തോട്ടമായിരുന്നു ഇപ്പോൾ കാടാണ്. കാട്ടിൽ മൃഗങ്ങളും, തേളുമെല്ലാം ഉണ്ടാകും, സത്യയുഗത്തിൽ ക്രൂരമൃഗങ്ങളൊന്നും ഉണ്ടാവുകയില്ല. ശാസ്ത്രങ്ങളിൽ പല കാര്യങ്ങളും എഴുതി വെച്ചിട്ടുണ്ട്. കൃഷ്ണനെ സർപ്പം കൊത്തി, ഇങ്ങനെ

സംഭവിച്ചു .......... കൃഷ്ണനെ ദ്വാപരയുഗത്തിലേക്കു കൊണ്ടുവന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഭക്തി തികച്ചും വ്യത്യസ്തമാണ്, ജ്ഞാനസാഗരൻ ഒരെയൊരു ബാബയാണ്. ബ്രഹ്മാ-വിഷ്ണു-ശങ്കർ ജ്ഞാന സാഗരനല്ല. പതീതപാവനൻ എന്നു വിളിക്കുന്നത് ഒരേയൊരു ജ്ഞാനസാഗരനെയാണ്. ജ്ഞാനത്തിലൂടെ മാത്രമെ മനുഷ്യന് സദ്ഗതി ഉണ്ടാകുന്നുള്ളു. സദ്ഗതിയുടെ സ്ഥലങ്ങൾ രണ്ടാണ്-മുക്തിധാമം, ജീവൻമുക്തിധാമം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഇവിടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് പക്ഷേ ഗുപ്തമാണ്. ബാബ തന്നെ വന്നാണ് ആദി സനാതനദേവിദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നത് അപ്പോൾ എല്ലാവരും അവരവരുടേതായ മനുഷ്യ വസ്ത്രങ്ങളിലേക്കു വരുന്നു. ബാബക്ക് തന്റേതായ വസ്ത്രങ്ങളില്ല അതിനാൽ നിരാകാരനായ ഗോഡ്ഫാദർ എന്നു വിളിക്കുന്നു. ബാക്കി എല്ലാവരും സാകാരിയാണ്. ബാബയെയാണ് നിരാകാര ആത്മാക്കളുടെ നിരാകാരനായ ഗോഡ്ഫാദർ എന്നു വിളിക്കുന്നത്. ബാബയും അവിടെ വസിക്കുന്നു. പക്ഷേ ഗുപ്തമാണ് ബാബ തന്നെ വന്നാണ് ആദി സനാതനദേവിദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നത്. മൂലവതനത്തിൽ ഒരു ദു:ഖവുമില്ല. ബാബ പറയുന്നു- ബാബയെ ഓർമ്മിക്കുന്നതിൽ മാത്രമാണ് നിങ്ങളുടെ മംഗളമുള്ളത്, മൻമനാഭവ. ബാബയുടെ കുട്ടിയായി മാറി അർത്ഥം കുട്ടിക്ക് സമ്പത്തിന്റെ അവകാശമുണ്ടല്ലോ. അല്ലാഹുവിനെ ഓർമ്മിച്ചുവെങ്കിൽ സത്യയുഗീ പുതിയലോകത്തിന്റെ സമ്പത്ത് തീർച്ചയായും കിട്ടും. ഈ പതീതമായ ലോകത്തിന്റെ വിനാശവും തീർച്ചയായും ഉണ്ടാവുകതന്നെ വേണം. അമരപുരിയിലേക്കു പോവുകതന്നെ വേണം അമരനാഥൻ നിങ്ങൾ പാർവ്വതിമാർക്ക് അമരകഥ കേൾപ്പിച്ചു തരുകയാണ്. തീർത്ഥസ്ഥാനത്തേക്ക് എത്ര മനുഷ്യരാണ് പോകുന്നത്, അമരനാഥിലേക്ക് എത്ര പേരാണ് പോകുന്നത് അവിടെയൊന്നും ഒന്നും തന്നെയില്ല എല്ലാം തട്ടിപ്പാണ്. സത്യത്തിന്റെ തരിപോലുമില്ല. ഇങ്ങനെ പാടാറുമുണ്ട് അസത്യമായ ശരീരം, അസത്യമായ മായ.......... ഇതിന്റെയും അർത്ഥം അറിയണം . ഇവിടെയാണെങ്കിൽ അസത്യം മാത്രമേയുള്ളൂ. ഇതും ജ്ഞാനത്തിന്റെ കാര്യമാണ്. അല്ലാതെ ഇങ്ങനെയല്ല ഗ്ലാസിനെ ഗ്ലാസ് എന്നു പറയുന്നത് അസത്യമാണ് എന്നല്ല പറയുന്നത്. ബാക്കി ബാബയെക്കുറിച്ച് എന്തെല്ലാം പറയുന്നുണ്ടോ അത് അസത്യമാണ് പറയുന്നത്. സത്യം പറയുന്നത് ഒരു ബാബയാണ് . ഇപ്പോൾ നിങ്ങൾക്കറിയാം ബാബ വന്ന് സത്യം സത്യമായ സത്യനാരായണന്റെ കഥ കേൾപ്പിക്കുയാണ്. അസത്യമായ വജ്രങ്ങളും മുത്തുകളും ഉണ്ടല്ലോ. ഇന്നത്തെക്കാലത്ത് അസത്യത്തിന്റെ വളരെയധികം പ്രഭാവമുണ്ട്, അതിന്റെ തിളക്കം കണ്ടാൽ സത്യത്തെക്കാളും നല്ലതെന്നേ തോന്നിക്കൂ. ഈ അസത്യമായ കല്ല് മുമ്പ് ഉണ്ടായിരുന്നില്ല. പിന്നീട് വിദേശത്ത് നിന്ന് വന്നതാണ്. അസത്യത്തെയും സത്യത്തെയും കൂട്ടിച്ചേർക്കുന്നു, അറിയാനേ സാധിക്കില്ല. പിന്നീട് ഇതിനെ തിരിച്ചറിയാനുള്ള സാധനങ്ങളും ഇറങ്ങി. ഇപ്പോൾ അസത്യമായ മുത്തുകളെ കണ്ടാൽ പോലും തിരിച്ചറിയാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഒരു സംശയവും പാടില്ല. സംശയമുള്ളവർ പിന്നീട് വരുകയില്ല. പ്രദർശിനിയിൽ എത്ര പേരാണ് വരുന്നത്, ബാബ പറയുന്നു ഇപ്പോൾ വലിയ-വലിയ കടകൾ തുറക്കൂ, ഇതാണ് നിങ്ങളുടെ ഒരേയൊരു സത്യമായ കട. നിങ്ങൾ സത്യമായ കട തുറക്കുന്നു. വലിയ വലിയ സന്യാസികൾക്ക് വലിയവലിയ കടകളാണ്, അവിടേക്ക് ഉന്നതരായ മനുഷ്യർ പോകുന്നു. നിങ്ങളും വലിയ വലിയ സെന്ററുകൾ തുറക്കൂ. ഭക്തി മാർഗ്ഗത്തിലെ കാര്യങ്ങൾ തികച്ചും വ്യത്യസ്തമാണ്. ഭക്തി തുടക്കം മുതലേ ഉണ്ടായതാണ് എന്നൊരിക്കലും പറയാൻ സാധിക്കില്ല. ജ്ഞാനത്തിലൂടെയാണ് സദ്ഗതി അഥവാ പകൽ ഉണ്ടാവുന്നത്. അവിടെ സമ്പൂർണ്ണ നിർവികാരി വിശ്വത്തിന്റെ അധികാരികളാണ്. ഈ ലക്ഷ്മിനാരായണൻ വിശ്വത്തിന്റെ അധികാരികളായിരുന്നു എന്നുപോലും മനുഷ്യർക്കറിയില്ല. സൂര്യവംശികളും ചന്ദ്രവംശികളും മാത്രം, മറ്റൊരു ധർമ്മവും ഇല്ല. കുട്ടികൾ ഗീതവും കേട്ടു. നിങ്ങൾ മനസ്സിലാക്കുന്നു അവസാനം ഈ സംഗമത്തിലേക്ക് നാം വന്നെത്തി, ഈ സമയത്താണ് നമ്മൾ വന്ന് തന്റെ പരിധിയില്ലാത്ത അച്ഛനുമായുള്ള മിലനം നടത്തുന്നത്, പരിധിയില്ലാത്ത സമ്പത്ത് പ്രാപ്തമാക്കാൻ പുരുഷാർത്ഥം ചെയ്യുന്നത്. സത്യയുഗത്തിൽ ഇങ്ങനെ ഒരിക്കലും പറയില്ല – അവസാനം ആ ദിവസം വന്നെത്തി എന്ന്. ഒരുപാടു ധാന്യങ്ങളും മറ്റും ഉണ്ടാകും എന്നെല്ലാം മനുഷ്യർ മനസ്സിലാക്കുന്നു. സ്വർഗ്ഗത്തിന്റെ സ്ഥാപന നമ്മൾ ചെയ്യുന്നു എന്നാണ് മനസ്സിലാക്കുന്നത്. വിദ്യാർത്ഥികളുടേത് പുതിയ രക്തമാണ്, ഇവർ ഒരുപാട് സഹായിക്കും എന്ന് വിചാരിക്കുന്നതുകൊണ്ട് ഗവൺമെന്റ് അവർക്കു വേണ്ടി ധാരാളം പരിശ്രമിക്കുന്നു. കല്ലുകളെറിയുന്നതും അവർ തന്നെയാണ്. ബഹളമുണ്ടാക്കാൻ ആദ്യമാദ്യം വിദ്യാർത്ഥികൾ തന്നെയാണ് മുന്നിട്ട് നിൽക്കുന്നത്. അവർ വളരെ സമർത്ഥശാലികളായിരിക്കും. അവരുടേത് പുതിയ രക്തമാണെന്ന് പറയും. ഇപ്പോൾ പുതിയ രക്തത്തിന്റെ കാര്യമില്ല. അതാണ് രക്തബന്ധം, ഇപ്പോൾ ഇത് നിങ്ങളുടെആത്മീയ ബന്ധമാണ്. പറയാറുണ്ടല്ലോ ബാബാ ഞാൻ അങ്ങയുടെ രണ്ട് മാസത്തെ കുട്ടിയാണ്. ചില കുട്ടികൾ ആത്മീയ പിറന്നാൾ ആഘോഷിക്കാറുണ്ട്. ഈശ്വരീയ പിറന്നാൾ തന്നെ വേണം ആഘോഷിക്കാൻ. ഭൗതിക പിറന്നാൾ കാൻസൽ ചെയ്യണം. നമ്മൾ ബ്രാഹ്മണരെയാണ് കഴിപ്പിക്കുന്നത്. അപ്പോൾ ആഘോഷിക്കേണ്ടതും ഈ പിറന്നാളാണ്. അതാണ് ആസുരിയ ജന്മം, ഇതാണ് ഈശ്വരീയ ജന്മം. രാത്രിയും പകലും പോലെയുള്ള വ്യത്യാസമുണ്ട്, പക്ഷേ എപ്പോഴാണോ നിശ്ചയം ഉണ്ടാവുന്നത്. ഈശ്വരീയ ജന്മം ആഘോഷിച്ച് പിന്നീട് ആസുരീയ ജന്മത്തി

ലേക്ക് പോകുന്നവരുണ്ട്. ഇങ്ങനെയും ഉണ്ടാവുന്നുണ്ട് ഈശ്വരീയ ജന്മം ആഘോഷിച്ചാഘോഷിച്ച് പിന്നീട് അപ്രത്യക്ഷമാകുന്നു. ഇന്നത്തെ കാലത്താണെങ്കിൽ വിവാഹ വാർഷികം പോലും ആഘോഷിക്കുന്നുണ്ട്. വിവാഹത്തെ നല്ലൊരു ശുഭകാര്യമാണെന്ന് മനസ്സിലാക്കുന്നു. നരകത്തിലേക്ക് പോകുന്ന ദിവസത്തെയാണ് ആഘോഷിക്കുന്നത്. അത്ഭുതമല്ലേ. ബാബ ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ നിങ്ങൾക്ക് ബ്രാഹ്മണരോടൊപ്പം ഈശ്വരീയ ജന്മദിനം ആഘോഷിക്കണം. നമ്മൾ ശിവബാബയുടെ കുട്ടികളാണ്, നമ്മൾ ഈശ്വരീയ പിറന്നാൾ ആഘോഷിക്കുന്നുണ്ടെങ്കിൽ ശിവബാബയുടെയും ഓർമ്മ വരുന്നു. നിശ്ചയബുദ്ധികളായ കുട്ടികൾ ജൻമദിനം ആഘോഷിക്കണം. ആസുരീയ ജന്മദിനം മറക്കണം. ഇത് ബാബ നൽകുന്ന നിർദ്ദേശമാണ്. അഥവാ പക്കാ നിശ്ചയബുദ്ധിയാണെങ്കിൽ മാത്രം. ഞങ്ങൾ ബാബയുടേതായി മാറിക്കഴിഞ്ഞു, ഞങ്ങൾക്ക് രണ്ടാമതൊരാളില്ല എന്നാൽ അന്തിമമനം പോലെ  ഗതിയായിത്തീരും. ബാബയുടെ ഓർമ്മയിൽ മരിച്ചു കഴിഞ്ഞാൽ അടുത്ത ജന്മവും അതുപോലത്തേത് ലഭിക്കുന്നു. ഇല്ലെങ്കിൽ ആരാണോ തന്റെ പത്നിയെ അന്തിമ സമയത്ത് സ്മരിച്ചത്........ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. ചിലർ ഇങ്ങനെയും പറയുന്നു അന്തിമസമയത്ത് വായിൽ ഗംഗാജലം വേണമെന്ന്. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലുള്ള കാര്യങ്ങളാണ്. ബാബ നിങ്ങളോട് പറയുന്നു, സ്വദർശന ചക്രധാരിയായി ശരീരം ഉപേക്ഷിക്കണം. ബുദ്ധിയിൽ ബാബയും ചക്രവും ഓർമ്മയുണ്ടായിരിക്കണം. ആ രീതിയിൽ പുരുഷാർത്ഥം ചെയ്താലല്ലേ അന്തിമ സമയത്തും ഓർമ്മവരൂ. സ്വയം ആത്മാവെന്നു മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ, കാരണം നിങ്ങൾക്കിപ്പോൾ അശരീരിയായി തിരികെ വീട്ടിലേക്ക് പോകണം. ഇവിടെ പാർട്ട് അഭിനയിച്ച്-അഭിനയിച്ച് സതോപ്രധാന അവസ്ഥയിൽ നിന്നും തമോപ്രധാനമായിത്തീർന്നിരിക്കുകയാണ്. ഇനി വീണ്ടും സതോപ്രധാനമായി മാറണം. ഈ സമയത്ത് എല്ലാ ആത്മാക്കളും അപവിത്രമാണ് അപ്പോൾ പിന്നെങ്ങനെ പവിത്രമായ ശരീരം ലഭിക്കും? ബാബ ധാരാളം ഉദാഹരണങ്ങൾ പറഞ്ഞു തന്നിട്ടുണ്ട് കാരണം രത്നവ്യാപാരിയല്ലേ. ക്ലാവ് പറ്റുന്നത് ആഭരണത്തിനല്ല സ്വർണ്ണത്തിനാണ്. 24 കാരറ്റിൽ നിന്നും 22 കാരറ്റാക്കിത്തീർക്കണമെങ്കിൽ സ്വർണ്ണത്തിന്റെ കൂടെ വെള്ളിയാണ് കലർത്തുക. ഇപ്പോൾ യഥാർത്ഥ സ്വർണ്ണം തന്നെയില്ല. എല്ലാവരിൽ നിന്നും സ്വർണ്ണം വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെക്കാലത്തെ പണത്തിന്റെ നോട്ടുകളും നോക്കൂ എങ്ങനെയെല്ലാമാണ് ഉണ്ടാക്കുന്നതെന്ന്. കടലാസു പോലുമല്ല. കുട്ടികൾ മനസ്സിലാക്കുന്നു, കൽപകൽപം ഇങ്ങനെത്തന്നെ സംഭവിച്ചു. പൈസയും പൂർണ്ണ രീതിയിൽ പരിശോധിക്കാറുണ്ട്. ചിലർ അന്വേഷണം നടത്തുമ്പോൾ ലോക്കറുകളെല്ലാം തുറപ്പിക്കും. പക്ഷേ ഇങ്ങനെയൊരു മഹിമയുണ്ട്, ചിലരുടെ മണ്ണോടുമണ്ണാവുന്നു, ചിലരുടെ രാജാക്കന്മാർ പിടിക്കുന്നു....... തീവ്രമായ അഗ്നി ബാധയുമുണ്ടാകുന്നു. ഇതെല്ലാം തന്നെ സംഭവിക്കേണ്ടതാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം, അതിനാൽ നിങ്ങൾ എല്ലാ ബാഗ്ബാഗേജുകളും ഭാവിയിലേക്കുവേണ്ടി തയ്യാറാക്കുന്നു. മറ്റാർക്കും തന്നെ ഇതിനെക്കുറിച്ചറിയില്ല, നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നത്. നിങ്ങളുടെ ധനം കൊണ്ടാണ് ഭാരതം സ്വർഗ്ഗമായിത്തീരുന്നത്. അതിൽ നിങ്ങൾ തന്നെയാണ് വസിക്കുന്നതും.

നിങ്ങൾ സ്വന്തം പുരുഷാർത്ഥത്തിലൂടെ അവനവന് തന്നെ രാജതിലകം നൽകുന്നു. ഏഴകളുടെ നാഥനായ ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാൻ വന്നിരിക്കുകയാണ്, പക്ഷേ തന്റെ പുരുഷാർത്ഥ ത്തിലൂടെയും പഠിപ്പിലൂടെയും മാത്രമേ ആയിത്തീരുകയുള്ളൂ. ഇതിൽ കൃപയുടെയോ ആശീർവ്വാദത്തിന്റെയോ കാര്യമില്ല. പഠിപ്പിക്കുക എന്നത് ടീച്ചറുടെ ധർമ്മമാണ്. ഇതിൽ കൃപയുടെ കാര്യമില്ല, ടീച്ചർക്ക് ശമ്പളം ലഭിക്കുന്നത് ഗവൺമെന്റിൽ നിന്നാണ്. അപ്പോൾ തീർച്ചയായും പഠിപ്പിക്കുമല്ലോ. ഇത്രയും വലിയ സമ്മാനമാണ് ലഭിക്കുന്നത്. കോടിപതികളായി മാറുന്നു. കൃഷ്ണന്റെ കാലിൽ കോടിയുടെ അടയാളത്തെ കാണിക്കുന്നുണ്ട്.  നിങ്ങൾ ഇവിടേക്ക് വന്നിരിക്കുന്നതു തന്നെ ഭാവിയിൽ കോടിപതികളായിത്തീരാനാണ്. നിങ്ങൾ വളരെയധികം സുഖിയും ധനവാനും അമരനുമായിത്തീരുന്നു. കാലനുമേൽ വിജയം പ്രാപിക്കുന്നു. പക്ഷേ ഈ കാര്യങ്ങളെക്കുറിച്ചൊന്നും മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അവിടെ നിങ്ങൾക്ക് പൂർണ്ണ ആയുസ്സാണ്, നിങ്ങൾ അമരൻമാരായി മാറുന്നു. ഇതിന്റെ പ്രതീകമായി ലോകത്തിലെ മനുഷ്യർ പാണ്ഡവരെ ആജാനുബാഹുവായി ചിത്രത്തിൽ കാണിച്ചിരിക്കുന്നു. പാണ്ഡവർ ഇത്രക്കും ഉയരം കൂടിയവരാണെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ നിങ്ങളാണ് പാണ്ഡവർ. രാത്രിയുടെയും പകലിന്റെയും വ്യത്യാസമാണ്. മനുഷ്യർക്ക് ഒരുപാട് ഉയരമൊന്നും ഉണ്ടാകില്ല. 6 അടിയേ ഉണ്ടാകൂ. ഭക്തിമാർഗ്ഗത്തിൽ ഏറ്റവുമാദ്യം ശിവന്റെ ഭക്തിയാണ്. ശിവലിംഗത്തിന്റെ ചിത്രത്തെ ഒരിക്കലും അത്ര വലുതാക്കില്ലല്ലോ. ആദ്യം ശിവന്റെ അവ്യഭിചാരിഭക്തിയാണ് ഉണ്ടാകുന്നത്. പിന്നീടാണ് ദേവതകളുടെ മൂർത്തികളുണ്ടാക്കുന്നത്. അവരുടെ വലിയ ഉയർന്ന ചിത്രങ്ങൾ ഉണ്ടാക്കുന്നു. പാണ്ഡവരുടെയും വലിയ ചിത്രങ്ങൾ ഉണ്ടാക്കുന്നു. ഇതെല്ലാം തന്നെ പൂജക്ക്  വേണ്ടിയാണ് ഉണ്ടാക്കുന്നത്. ലക്ഷ്മിയുടെ പൂജ 12 മാസത്തിൽ ഒരിക്കലാണ് ഉണ്ടാകുന്നത്. എന്നാൽ ജഗദംബയുടെ പൂജയാണെങ്കിൽ ദിവസേന ചെയ്യുന്നു. ഇതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾക്ക് ഡബിൾ പൂജ

ലഭിക്കുന്നു. ബാബക്ക് കേവലം ശിവലിംഗത്തിന്റെ പൂജയാണ് ലഭിക്കുന്നത്. നിങ്ങൾക്ക് സാലിഗ്രാമത്തിന്റെ രൂപത്തിലും പിന്നെ ദേവതകളുടെ രൂപത്തിലും പൂജ ലഭിക്കുന്നു. രുദ്രയജ്ഞം രചിക്കുമ്പോൾ എത്ര സാലിഗ്രാമങ്ങളാണ് ഉണ്ടാക്കുന്നത് അപ്പോൾ ആരാണ് ഉയർന്നത്? അതുകൊണ്ടാണ് ബാബ കുട്ടികളോട് നമസ്തേ പറയുന്നത്, എത്ര ഉയർന്ന പദവിയാണ് നൽകുന്നത്.

ബാബ എത്ര ഗുഹ്യമായ കാര്യങ്ങളാണ് കേൾപ്പിച്ചുതരുന്നത്. അപ്പോൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. നമ്മെ ഭഗവാൻ-ഭഗവതിയാക്കി മാറ്റുന്നതിനുവേണ്ടി ഭഗവാനാണ് പഠിപ്പിക്കുന്നത്. ബാബയോട് നിങ്ങൾ എത്ര നന്ദി പറയണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ സ്വപ്നങ്ങളും നല്ലതാകുന്നു. സാക്ഷാത്കാരങ്ങളും ലഭിക്കുന്നു, ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. തന്റെ ഈശ്വരീയ, ആത്മീയ ജന്മദിനം ആഘോഷിക്കണം, ആത്മീയ സംബന്ധം വെക്കണം, രക്തബന്ധമല്ല വെക്കേണ്ടത്. ആസുരീയമായ ഭൗതിക ജന്മദിനം കാൻസൽ ചെയ്യണം. അതൊന്നും തന്നെ പിന്നീട് ഓർമ്മ വരരുത്.

2. ഭാവിയിലേക്കു വേണ്ടി തന്റെ ബാഗ്ബാഗേജ് തയ്യാറാക്കണം. തന്റെ പൈസ ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിന്റെ സേവനത്തിൽ സഫലമാക്കണം. സ്വയം തന്റെ പുരുഷാർത്ഥത്തിലൂടെ അവനവന് രാജതിലകം നൽകണം.

## വരദാനം-സ്നേഹത്തിന്റേയും സഹയോഗത്തിന്റേയും വിധിയിലൂടെ സഹജയോഗിയായി ഭവിക്കട്ടെ.

ബാപ്ദാദക്ക് കുട്ടികളുടെ സ്നേഹത്തോട് തന്നെയാണ് പ്രിയം.സ്നേഹത്തിലൂടെ കുട്ടികൾ യജ്ഞസ്നേഹികളും സഹയോഗികളുമായി മാറി പിന്നീട് സ്വതവേ സഹജയോഗികളായി മാറുന്നു. സഹയോഗം തന്നെയാണ് സഹജയോഗം. ഹൃദയേശ്വരനായ ബാബക്ക് ഹൃദയത്തിൽ നിന്നുമുള്ള സ്നേഹവും ഹൃദയത്തിൽ നിന്നുമുള്ള സഹയോഗവും തന്നെയാണ് പ്രിയം. ചെറിയ ഹൃദയമുള്ളവർ ചെറിയ കൊടുക്കൽവാങ്ങലുകൾ നടത്തി സന്തോഷിക്കുന്നു എന്നാൽ വലിയഹൃദയമുള്ളവർ പരിധിയില്ലാത്ത ബിസിനസ് നടത്തുന്നു. മൂല്യം സ്നേഹത്തിനാണ്, അതിനാലാണ് കുചേലന്റെ അവിലിന് മഹിമയുള്ളത്. അതുപോലെ തന്നെയാണ് ആര് എത്ര തന്നാലും സ്നേഹമില്ലെങ്കിൽ സമ്പാദ്യമുണ്ടാകില്ല. സ്നേഹത്തോടെ കുറച്ചെങ്കിലും ശേഖരിച്ചാൽ അത് കോടികളായി മാറും.

## സ്ലോഗൻ- സമയം, ശക്തി എന്നിവ വ്യർത്ഥമാകാതിരിക്കാനായി ആദ്യം ചിന്തിക്കൂ, എന്നിട്ട് ചെയ്യൂ.

**അവ്യക്തസൂചന- ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.**
ബാപ്ദാദ കുട്ടികൾക്ക് പ്രത്യേകസൂചന നൽകുകയാണ്, കുട്ടികളേ ഇപ്പോൾ തീവ്രപുരുഷാർത്ഥത്തിന്റെ ലഹരിയെ അഗ്നിസ്വരൂപമാക്കി മാറ്റൂ.ജ്വാലാമുഖിയായി മാറൂ. മനസ്സിലും സംബന്ധസമ്പർക്കത്തിലും ഏതെല്ലാം കർമ്മക്കണക്കുകൾ ബാക്കിയുണ്ടോ അവയെയെല്ലാം ജ്വാലാസ്വരൂപമായ ഓർമ്മകൊണ്ട് ഭസ്മമാക്കൂ.